©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത്  റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം  ചട്ടത്തിന്റെ (5)-ാം  ഉപചട്ടപ്രകാരമുള്ളത് ]

2022 ജൂലൈ 18-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി X
## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

**2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

924/2022.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി X
## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. എ. കെ. ശശീന്ദ്രൻ,
വനം-വന്യജീവി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

ശ്രീ. എ. രാജ, എം.എൽ.എ.

ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. റെജി. ബി., അഡീഷണൽ സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വനം, കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയിന്മേലുള്ള സബ്ജക്ട് കമ്മിറ്റി X-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂലൈ 22-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ആകെ 41 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ 12-7-2022-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എ. കെ. ശശീന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2022 ജൂലൈ 12.

# റിപ്പോർട്ട്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2021-2023)-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

**ധനാഭ്യർത്ഥന നമ്പർ XXXIV**

## വനം-വന്യജീവി വകുപ്പ്

<u>ശിപാർശ</u>

2406-01-004-92

ശാസ്ത്രീയമായ വനപരിപാലനം, ഫീൽഡ് സർവ്വേ, വനവിഭവങ്ങളുടെ വിവരശേഖരണത്തിന്റെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കൽ, നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും പുതിയ ഗവേഷണ പരീക്ഷണങ്ങൾ നടത്തുന്നതിനും മെച്ചപ്പെട്ട ഉൽപ്പാദനത്തിനായി നല്ലയിനം വിത്തുകൾ, തേക്ക്, ചന്ദനം തുടങ്ങിയവയ്ക്കായി വിത്തുൽപ്പാദന കേന്ദ്രങ്ങൾ സജ്ജീകരിക്കൽ, വനം വകുപ്പിന്റെ പ്രവർത്തന പദ്ധതി തയ്യാറാക്കൽ മുതലായ പ്രവർത്തികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1 )

<u>സ്വീകരിച്ച നടപടി</u>

2406-01-004-92-വിഭവ ആസൂത്രണവും ഗവേഷണവും എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 150 ലക്ഷം രൂപ അനുവദിച്ചതിൽ 149.992 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

2406-01-101-81

വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വനസംരക്ഷണത്തിന് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവർത്തികൾ എന്നിവ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനവിഭവങ്ങൾ സംരക്ഷിക്കുക, പരിപാലിക്കുക, പുനരുദ്ധരിക്കുക തുടങ്ങിയ മാനദണ്ഡങ്ങളിലൂന്നിയുള്ള കാട്ടുതീ സംരക്ഷണ പ്രവൃത്തികളായ ഫയർ ലൈനുകളുടെ നിർമ്മാണവും പരിപാലനവും, കാട്ടുതീ സംരക്ഷണ ഉപകരണങ്ങൾ വാങ്ങൽ, വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾക്കുള്ള സഹായധനം, ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തികൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2 )

<u>സ്വീകരിച്ച നടപടി</u>

2406-01-101-81- വനസംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 2500 ലക്ഷം രൂപ അനുവദിച്ചതിൽ 2495.541 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

2406-01-800-56

സംസ്ഥാനത്ത് ഭയാനകമായ രീതിയിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന് വഴിവയ്ക്കുന്ന അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനും ലഘൂകരിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ നടപടികൾ വകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്. വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, ദ്രുത കർമ്മസേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ വരവിനെ/ആക്രമണത്തെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുക, ഭൂവിനിയോഗത്തെ സംബന്ധിച്ചും അനുയോജ്യമായ കൃഷിരീതികളെ സംബന്ധിച്ചും അവബോധ പരിപാടികൾ സംഘടിപ്പിക്കുക, പൊതുജന സഹായത്തോടുകൂടിയ ഇൻഷുറൻസ് പദ്ധതി ആരംഭിക്കുക തുടങ്ങിയ ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തികച്ചും പ്രാധാന്യമർഹിക്കുന്ന ഈ പദ്ധതി

നടപ്പിലാക്കുന്നതിനായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനഃപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2406-01-800-56- മനുഷ്യനും, മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 2200 ലക്ഷം രൂപ അനുവദിച്ചതിൽ 2199.884 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

മലയോര മേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ തടയുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം/വർദ്ധിപ്പിക്കുന്ന വിഹിതം ഒരു പ്രദേശത്തെ ആവശ്യത്തിനുപോലും പര്യാപ്തമല്ലെന്നു സമിതി മനസ്സിലാക്കുന്നു. തീരദേശ മേഖലയുടെ സംരക്ഷണത്തിനുള്ള പ്രാധാന്യം പോലെ മലയോരമേഖലകളിലെ വന്യമൃഗ ആക്രമണത്തിൽ നിന്നുള്ള സംരക്ഷണവും വിപുലവും പ്രാധാന്യമുള്ളതുമാണ്. സംസ്ഥാനത്തെ മലയോരമേഖലകളിൽ വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങി ഭയാനകമായ രീതിയിൽ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും ജീവന് ഭീഷണി സൃഷ്ടിക്കുകയും അതോടൊപ്പം കാർഷിക വിളകൾ നശിപ്പിക്കുകയും ചെയ്യുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിക്കുന്നതിനുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി നിയന്ത്രിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, വന്യമൃഗങ്ങളിൽ നിന്നും മലയോര/വനമേഖലകളിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും അവ നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന സാമ്പത്തിക ചെലവ് ഉൾപ്പെടെ ശാസ്ത്രീയമായി അപഗ്രഥിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്നും ടി മാസ്റ്റർ പ്ലാൻ അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 5 വർഷത്തേയ്ക്കുള്ള വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകളെ ഉപയോഗപ്പെടുത്തി

സംസ്ഥാനത്ത് ഉയർന്ന തോതിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന മേഖലകൾ കണ്ടെത്തി, നിലവിൽ ഇത്തരം സംഘർഷങ്ങൾ നേരിടുന്നതിനായി അനുവർത്തിച്ചുവരുന്ന പ്രതിരോധ പരിഹാര മാർഗ്ഗങ്ങൾ വിശകലനം ചെയ്ത്, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വെബ്സൈറ്റ്, പത്രങ്ങൾ, റേഡിയോ എന്നിവയിലൂടെ പൊതുജനാഭിപ്രായം തേടുകയും ആയിരത്തി അറുന്നൂറോളം അഭിപ്രായങ്ങൾ രേഖാമൂലം ലഭ്യമാക്കുകയും ചെയ്തു. വിശദമായ പഠനങ്ങളുടെയും, ബഹു. എം.പി.-മാർ, എം.എൽ.എ.-മാർ, ഇതര ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും ഉദ്യോഗസ്ഥതല ചർച്ചകളുടെയും അടിസ്ഥാനത്തിൽ അറുന്നൂറ്റി ഇരുപത് കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി 7-9-2021-ന് സമർപ്പിച്ചിട്ടുണ്ട്.

താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും മാനവ-വിഭവ ശേഷിയും വികസിപ്പിക്കുക.

4. വന്യജീവി മൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽവരുത്തുക.

5. ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. പുൽമേടുകളും ജലസ്രോതസ്സുകളും ഉൾപ്പെടെയുള്ള ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിന് ഉതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

ഇങ്ങനെ തയ്യാറാക്കിയിട്ടുള്ള അഞ്ച് വർഷ കർമ്മപദ്ധതിയിൽ 132 കി.മീ. എലിഫെന്റ് പ്രൂഫ് ട്രഞ്ചിന്റെ നിർമ്മാണവും (10.56 കോടി), 198 കി.മീ. എലിഫെന്റ് പ്രൂഫ് ട്രഞ്ചിന്റെ അറ്റകുറ്റപ്പണികളും (3.96 കോടി), 680 കി.മീ. സൗരോർജ്ജ വേലികളുടെ നിർമ്മാണവും

(17.00 കോടി), 605 കി.മീ. സൗരോർജ്ജ വേലികളുടെ അറ്റകുറ്റപ്പണികളും (6.05 കോടി), 620 കി.മീ. സൗരോർജ്ജ വേലികളിൽ ലൈൻമാനെ നിയമിക്കലും (7.44 കോടി), 685 കി.മീ സൗരോർജ്ജ തൂക്കുവേലി നിർമ്മാണവും (34.25 കോടി), 610 കി.മീ. സൗരോർജ്ജ തൂക്കുവേലികളുടെ അറ്റകുറ്റപ്പണികളും (6.10 കോടി) 625 കി.മീ. സൗരോർജ്ജ തൂക്കുവേലികളിൽ ലൈൻമാനെ നിയമിക്കലും (7.5 കോടി) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം മൊത്തമായി 92.86 കോടി രൂപ മേൽ ഇനങ്ങളിലായി പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതാണ്. ആയതിൽ 34.41 കോടി രൂപ നിർമ്മാണത്തിനും, 58.45 കോടി രൂപ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കുമായാണ് വകയിരുത്തിയിട്ടുള്ളത്.

<u>ശിപാർശ</u>

2406-01-800-55

വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ ആവശ്യകതയുടെ പ്രചരണാർത്ഥം തൈകളുടെ ഉത്പാദനവും വിതരണവും, നക്ഷത്രവനങ്ങൾ നട്ടുപിടിപ്പിക്കൽ, നഗരവനവത്കരണം, വിദ്യാഭ്യാസാധിഷ്ഠിത വനവത്കരണം, ഔഷധത്തോട്ടങ്ങളുടെ പരിപാലനം, ജലാശയങ്ങളുടെ സംരക്ഷണം, തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി യോജിച്ച് കൂട്ടായ പദ്ധതികൾ ആവിഷ്കരിക്കൽ, ഹരിതകേരളം പദ്ധതിയിൽ 50 ലക്ഷം തൈകളുടെ ഉത്പാദനം തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പുസാമ്പത്തികവർഷം ലക്ഷ്യമിടുന്നതെന്നും എന്നാൽ ബഡ്ജറ്റ് വിഹിതം പദ്ധതി നടത്തിപ്പിനായി അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിലേയ്ക്ക് 9 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

2406-01-800-55- സാമൂഹിക വന വിപുലീകരണവും കാർഷിക വനവൽക്കരണവും (01)- വനവിപുലീകരണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 1000 ലക്ഷം രൂപ അനുവദിച്ചതിൽ 998.737 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

2406-02-110-68

വനം - വന്യജീവി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിലൂടെ പ്രാവർത്തികമാക്കുന്നതിന് ലക്ഷ്യമിടുന്നത്. കഴിഞ്ഞ സാമ്പത്തിക

വർഷം അനുവദിച്ച തുകയിൽ 99.93% തുകയും വിനിയോഗിച്ച സാഹചര്യത്തിൽ പ്രസ്തുത വർഷത്തിലെ കുടിശ്ശിക ഇനത്തിൽ 1.5 കോടി രൂപ അനുവദിക്കുന്നതിനായും ഈ വർഷത്തിൽ പ്രൊപ്പോസ് ചെയ്തിട്ടുള്ള പദ്ധതികൾ മുഴുവൻ നടപ്പിലാക്കുന്നതിനായും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

2406-02-110-68-ജൈവവൈവിദ്ധ്യ സംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 1000 ലക്ഷം രൂപ അനുവദിച്ചതിൽ 998.786 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ച കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

2406-02-110-48

നിലവിലുള്ള തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും ആവശ്യമായ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുക എന്നതാണ് മേൽ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നടപ്പുസാമ്പത്തികവർഷം പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്ന പുത്തൂർ സുവോളജിക്കൽ പാർക്കിലെ മൃഗങ്ങൾക്കുള്ള കൂടുകൾ, മൃഗശാലയുടെ ഭരണസംവിധാനത്തിനുള്ള ഓഫീസ് കെട്ടിടം, ഓട്ടോപ്സിക്കുള്ള മുറി, മൃഗാശുപത്രി, കിച്ചൺ കോംപ്ലക്സ്, ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണങ്ങൾക്കായി നടപ്പുവർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

2406-02-110-48-പുത്തൂർ സുവോളജിയ്ക്കൽ പാർക്ക്, വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം അനുവദിച്ച 5 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ച കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

4406-01-070-99

വനത്തിനുള്ളിലെ റോഡുകളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും, ഓവുചാൽ, സംരക്ഷണഭിത്തി എന്നിവയുടെ നിർമ്മാണം, ആദിവാസി കോളനികളിലെ റോഡുകളുടെ വീതി കൂട്ടൽ, ടാറിംഗ് ഉൾപ്പടെയുള്ള പ്രവർത്തികൾക്കും 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന ഫോറസ്റ്റ് റോഡുകളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവർത്തികൾ നിറവേറ്റുന്നതിനായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

4406-01-070-99- റോഡുകൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 400 ലക്ഷം രൂപ അനുവദിച്ചതിൽ 363.778 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

കൂടാതെ, ആദിവാസി കോളനികളിലെ നിലവിലുള്ള റോഡുകളുടെ ശോച്യാവസ്ഥയെക്കുറിച്ച് മനസ്സിലാക്കിയ സമിതി, ആദിവാസി കോളനികളിലെ റോഡുകൾ പര്യാപ്തമായ രീതിയിൽ വീതി കൂട്ടുന്നതിനും, കോൺക്രീറ്റ്/ടാർ ചെയ്യുന്നതിനുമുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

ഹൈറേഞ്ച് സർക്കിളിനു കീഴിൽ 2021-22 സാമ്പത്തിക വർഷം 4406-01-070-99-00-34 റോഡുകൾ എന്ന ശീർഷകത്തിൽ ലഭ്യമായ 37.99 ലക്ഷം രൂപയിൽ മറയൂർ ഡിവിഷനിലെ ചെമ്പട്ടിക്കുടി ആദിവാസി കോളനിയിലേക്കുള്ള പാത 3.90 ലക്ഷം രൂപ ഉപയോഗിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതാണ്. മാങ്കുളം ഡിവിഷനിലെ മാങ്ങാപ്പാറ ആദിവാസി കോളനിയിലേയ്ക്കുള്ള പാത 6.7 ലക്ഷം രൂപ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് ആദിവാസി കോളനിയിലേയ്ക്കുള്ള പാതകൾ

സഞ്ചാരയോഗ്യമാക്കുവാൻ വനാവകാശ നിയമപ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ പരിശോധിച്ച് വനഭൂമി വിട്ടുകൊടുത്തു വരുന്നതാണ്. ഇപ്രകാരം കോതമംഗലം ഡിവിഷനിൽ ഉപ്പുകുന്ന്, വാൽപ്പാറ, പൂമല എന്നീ സെറ്റിൽമെന്റുകളിലേക്കുള്ള പാതയും മറയൂർ ഡിവിഷനിൽപ്പെട്ട കുത്തുകല്ലുകുടി, പെരിയാംകുടി, കമ്മാലൻകുടി, കാവക്കുടി, ഇച്ചാംപ്പെട്ടിക്കുടി, ഇരുട്ടാലക്കുടി, ചെമ്പട്ടിക്കുടി എന്നീ സെറ്റിൽമെന്റുകൾക്കുള്ള പാതയും സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ മൂന്നാർ ഡിവിഷനിൽപ്പെട്ട ഇടമലക്കുടി ആദിവാസി കോളനിയിലേക്ക് STDD ഫണ്ട് ലഭ്യമായ 17.47 ലക്ഷം രൂപ ഉപയോഗിച്ച് പാത സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതാണ്. ആദിവാസി കോളനികളിലേയ്ക്കുള്ള റോഡുകൾ പുനർ നിർമ്മിക്കുന്നതിലേയ്ക്ക് ഊരുകൂട്ട ശിപാർശയുടെ അടിസ്ഥാനത്തിലും വനാവകാശ നിയമപ്രകാരവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശിപാർശ അനുസരിച്ചും ലഭിക്കുന്ന അപേക്ഷകളിന്മേൽ യഥാസമയം അനുമതി നൽകി റോഡുകളുടെ അറ്റകുറ്റപ്പണികളും മറ്റും പൂർത്തീകരിച്ചിട്ടുള്ളതാണ്. തുടർന്നും പുനരുദ്ധാരണ പ്രവർത്തികളും മറ്റും നിലവിലുള്ള ചട്ടപ്രകാരം അപേക്ഷയുടെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

4406-01-070-97

ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ്, പിക്കറ്റ് സ്റ്റേഷൻ, ചെക്ക്പോസ്റ്റ്, വാസസ്ഥലങ്ങൾ മുതലായവയുടെ നിർമ്മാണം, നിലവിലുള്ളവയുടെ ആധുനികവൽക്കരണം, 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയക്കെടുതിയിൽ തകർന്ന ഫോറസ്റ്റ് കെട്ടിടങ്ങളുടെ പുനരുദ്ധാരണം, വാളയാർ ഫോറസ്റ്റ് ട്രെയിനിംഗ് സെന്ററിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം, വനം വകുപ്പ് ആസ്ഥാനത്തെ സെൻട്രൽ ലൈബ്രറിയുടെ ആധുനികവൽക്കരണം, സോഷ്യൽ ഫോറസ്ട്രി ഓഫീസിനുള്ള പുതിയ കെട്ടിടനിർമ്മാണം എന്നിവ ഈ പദ്ധതിയിലൂടെ ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം പ്രസ്തുത പ്രവർത്തികൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

4406-01-070-97- കെട്ടിടങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 400 ലക്ഷം രൂപ അനുവദിച്ചതിൽ 398.378 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

4406-01-101-99

വനാതിർത്തികൾ തിരിച്ചും മറ്റ് കയ്യേറ്റങ്ങൾ തടഞ്ഞും വനസംരക്ഷണം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, കരിങ്കൽ ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും ചുറ്റമതിലുകളുടെയും നിർമ്മാണം, ജണ്ടകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വെള്ളപ്പൊക്കം മൂലം അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളുടെ അറ്റകുറ്റപ്പണികളും ഇതിന്റെ തുടർ പ്രവർത്തനങ്ങളാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തെക്കാൾ 5 കോടി രൂപ നടപ്പ് വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

4406-01-101-99-വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും) 01- വനസംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 2700 ലക്ഷം രൂപ അനുവദിച്ചതിൽ 2693.908 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

2406-01-001-95 -04-2

വനം വകുപ്പിനു കീഴിലുള്ള ജില്ലാ ആഫീസുകളിലെ സ്ഥലംമാറ്റ ബത്ത ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

2406-01-001-95-ജില്ലാ ഓഫീസുകൾ, 04- യാത്രാചെലവുകൾ, 2-സ്ഥലമാറ്റ ബത്ത എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 3.41 ലക്ഷം രൂപ അനുവദിച്ചിരുന്നു. 22-9-2021-ലെ ജി.ഒ (ആർ.റ്റി) നം. 6220/2021/ഫിൻ. പ്രകാരം

അഡീഷണൽ ഓതറൈസേഷൻ മുഖേന സമിതി ശിപാർശ ചെയ്ത 30 ലക്ഷം രൂപ സർക്കാർ അനുവദിച്ച നൽകിയിട്ടുണ്ട്. ആകെ അനുവദിച്ച 33.41 ലക്ഷം രൂപയിൽ 32.658 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2406-01-001-95 - 06

വനം വകുപ്പിലെ വിവിധ ആഫീസ് കെട്ടിടങ്ങളുടെ വാടക, കരം, നികുതി ഇനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2406-01-001-95-ജില്ലാ ഓഫീസുകൾ, 06-വാടക, കരം, നികുതി എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 1.80 ലക്ഷം രൂപ അനുവദിച്ചിരുന്നു. 22-9-2021-ലെ ജി.ഒ (ആർ.റ്റി) നം. 6220/2021/ഫിൻ. പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന സമിതി ശിപാർശ ചെയ്ത 20 ലക്ഷം രൂപ സർക്കാർ അനുവദിച്ച നൽകിയിട്ടുണ്ട്. ആകെ അനുവദിച്ച 21.8 ലക്ഷം രൂപയിൽ 21.136 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2406-01-001-95 - 05-4

ജില്ലാ ഓഫീസുകളിലെ (4) മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ നടപ്പ സാമ്പത്തിക വർഷം അനുവദിച്ച തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2406-01-001-95-ജില്ലാ ഓഫീസുകൾ, 05-ഓഫീസ് ചെലവുകൾ, 4-മറ്റിനങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 16.8 ലക്ഷം രൂപ അനുവദിച്ചിരുന്നു. 22-9-2021-ലെ ജി.ഒ (ആർ.റ്റി) നം. 6220/2021/ഫിൻ. പ്രകാരം

അഡീഷണൽ ഓതറൈസേഷൻ മുഖേന സമിതി ശിപാർശ ചെയ്ത 10 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ആകെ അനുവദിച്ച 26.8 ലക്ഷം രൂപയിൽ 22.643 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-102-98 -04-2

പരിസ്ഥിതി വികസനം എന്ന ഹെഡ്ഡിലെ (2) സ്ഥലംമാറ്റബത്തയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

2406-01-102-98-പരിസ്ഥിതി വികസനം (ലോക ബാങ്കുസഹായമുള്ള സാമൂഹ്യ വനവൽക്കരണം) 04-യാത്രാ ചെലവുകൾ, (2) സ്ഥലംമാറ്റ ബത്ത എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 90,000 രൂപ അനുവദിച്ചതിൽ 41900 രൂപ ചെലവഴിച്ചിട്ടുണ്ട്. 22-9-2021-ലെ ജി.ഒ (ആർ.റ്റി) നം. 6220/2021/ഫിൻ. പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 80,000 രൂപയും സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-105-99

പ്രായമെത്തിയ തേക്ക്, വെള്ളമരം എന്നിവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ, കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ പ്രവർത്തികളിലൂടെ സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ ഈ പദ്ധതിക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

2406-01-105-99-സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റ് ഉൽപ്പന്നങ്ങളും സംഭരിക്കുന്നതിന് എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 2250 ലക്ഷം രൂപ അനുവദിച്ചതിൽ 2249.537 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

<u>ശിപാർശ</u>

2406-01-105-94

വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വന്യജീവി പുനരധിവാസ പരിപാലനകേന്ദ്രങ്ങളിലെ മൃഗങ്ങളുടെ പരിചരണ സംരക്ഷണങ്ങൾക്കും, മൃഗപരിപാലകരുടെ ശമ്പളം, മൃഗങ്ങൾക്കുള്ള തീറ്റ എന്നിവയ്ക്കുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ടി കേന്ദ്രങ്ങളിലെ മൃഗങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് 3.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

2406-01-105-94-കന്നുകാലികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 550 കോടി രൂപ അനുവദിച്ചിരുന്നു. 3-2-2022-ലെ ജി.ഒ (ആർ.റ്റി) നം. 650/2022/ഫിൻ. പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 250 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ആകെ അനുവദിച്ച 800 ലക്ഷം രൂപയിൽ 799.955 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-800-92

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, കൃഷി, വാസസ്ഥലം മുതലായവ നഷ്ടപ്പെട്ടവർക്കും ആശ്വാസ ധനസഹായം നൽകുന്നതിനായി നടപ്പു സാമ്പത്തികവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

2406-01-800-92 വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 70 ലക്ഷം രൂപ അനുവദിച്ചിരുന്നു. 8-2-2022-ലെ ജി.ഒ (ആർ.റ്റി) നം. 838/2022/ഫിൻ. പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 100 ലക്ഷം രൂപയും 23-3-2022-ലെ ജി.ഒ (ആർ.റ്റി) നമ്പർ 2201/2022/ഫിൻ. പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 500 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ആകെ അനുവദിച്ച 670 ലക്ഷം രൂപയിൽ 669.824 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-02-110-99- 04-2

വന്യമൃഗസംരക്ഷണ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റബത്ത ഇനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

2406-02-110-99-വന്യമൃഗ സംരക്ഷണ വിഭാഗം, 04-യാത്രാ ചെലവുകൾ, (2)-സ്ഥലംമാറ്റ ബത്ത എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 45,000 രൂപ അനുവദിച്ചതിൽ 25300 രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

**ധനാഭ്യർത്ഥന നമ്പർ XXXIV**

## കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്

<u>ശിപാർശ</u>

2406-02-110-59-31

ബോർഡിലെ ജീവനക്കാരുടെ ശമ്പളം, അവധി ശമ്പളം, ശമ്പളപരിഷ്ക്കരണം മൂലമുള്ള വർദ്ധനവ് തുടങ്ങിയവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.6861 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

2406-02-110-59-36

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ശമ്പളേതരം എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ മറ്റ് ഓഫീസ് ചെലവുകളായ കെട്ടിടവാടക, വാട്ടർചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 38.2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2406-02-110-59-31(NP), 2406-02-110-59-36(NP) ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതത്തിൽ തുക അവശേഷിക്കുന്ന സാഹചര്യത്തിൽ ഉപധനാഭ്യർത്ഥന വഴി തുക അനുവദിക്കേണ്ട ആവശ്യകത ഇല്ല. ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനായി പ്രസ്തുത ശീർഷകങ്ങളിൽ അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണെന്നും ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവായ ശേഷം അധിക തുക ആവശ്യമുള്ള പക്ഷം ധനപുനർവിനിയോഗം വഴി തുക അനുവദിക്കുന്നതിനായി ഉന്നതതല ശിപാർശയോടെ ഫയൽ ലഭ്യമാക്കണമെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ വിവരം കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിനെ അറിയിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള പ്രൊപ്പോസൽ ബയോഡൈവേഴ്സിറ്റി ബോർഡിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XLII

## വിനോദസഞ്ചാരം

<u>ശിപാർശ</u>

3452-80-104-98-34-3

കേരളം, വിനോദസഞ്ചാര രംഗത്ത് നിരവധി വെല്ലുവിളികളിലൂടെയാണ് കടന്നു പോകുന്നത്. 2018- ലെ പ്രളയവും 2019-ലെ നിപ്പ വൈറസിന്റെ ആക്രമണവും 2020-ൽ ആരംഭിച്ച് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന കോവിഡ് 19 മഹാമാരി എന്നിവ വിനോദസഞ്ചാര മേഖലയ്ക്ക് തിരിച്ചടി ഉണ്ടാക്കിയിരുന്നു. ഇത് മറികടക്കുവാൻ ശക്തമായ പ്രചരണ പരിപാടികൾ നടത്തേണ്ടതുള്ളതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2021-22 പദ്ധതി വിഹിതത്തിൽ 73.67% (47.89 കോടി രൂപ) ചെലവായിട്ടുണ്ട്. സാമ്പത്തിക വർഷം ഒന്നാം പാദത്തിൽ തന്നെ വീശിയടിച്ച കോവിഡ്-19 രണ്ടാം തരംഗവും, നാലാം പാദത്തിലെ മൂന്നാം തരംഗവും വകുപ്പിന്റെ വിപണന തന്ത്രങ്ങളെ കാര്യമായി സ്വാധീനിച്ചു. വളരെ കരുതലോടുകൂടി മാത്രമുള്ള ഇടപെടലായിരുന്നതിനാൽ അധിക ശിപാർശയിന്മേലുള്ള തുക ഉപയോഗിക്കുവാനുള്ള സാഹചര്യം നിലവിലില്ല.

<u>ശിപാർശ</u>

3452-80-800-90-26-33

ടൂറിസം മേഖലയിലെ തൊഴിലാളികൾക്കായി നടപ്പാക്കി വരുന്ന Tourism Employment Support Scheme എന്ന വായ്പാ പദ്ധതിയുടെ സബ്സിഡി പലിശ, ഇലക്ട്രിസിറ്റി/സബ്സിഡി, മൂലധന സബ്സിഡി എന്നിവ നൽകുന്നതിന് നടപ്പുവർഷം 25 കോടി രൂപ ആവശ്യമുണ്ട്. കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ടൂറിസം മേഖലയിലെ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കുന്നതിനായി 30 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 55 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2021-22 പദ്ധതി വിഹിതത്തിൽ 30.31% (3.85 കോടി രൂപ) ആണ് ചെലവായിട്ടുള്ളത്. ടൂറിസം സബ്സിഡി ഇനത്തിൽ അപേക്ഷകൾ ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിക്കൽ സബ്സിഡി എന്ന രണ്ടു വിഭാഗത്തിൽ മാത്രമേ നിലവിലുള്ളൂ. എന്നാൽ ആയതു പദ്ധതി രേഖ (പ്ലാൻ റൈറ്റ്-അപ്പ്)-യിൽ നടപ്പു സാമ്പത്തിക വർഷം പരാമർശിക്കാത്തതിനാൽ, പണം ചെലവഴിച്ചിട്ടില്ല. കോവിഡാനന്തര സഹായവിഭാഗത്തിൽ, ബാങ്ക് ലോണുകൾക്കുള്ള, പലിശയിനത്തിലുള്ള സബ്സിഡി അപേക്ഷകൾ, ലോണുകൾ അനുവദിക്കുന്നതിലെ കാലതാമസം മൂലം വളരെ കുറവാണ്. അധിക ശിപാർശയിന്മേലുള്ള തുക ഉപയോഗിക്കുവാനുള്ള സാഹചര്യം നിലവിലില്ല.

ശിപാർശ

3452-80-800-78-02

കോട്ടയം പാലായിൽ പണി നടന്നുകൊണ്ടിരിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെ അക്കാദമിക് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുന്നതിനും കോഴിക്കോടുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനും, ധർമ്മടത്ത് ആരംഭിക്കുന്ന പുതിയ ഹോട്ടൽ മാനേജ്മെന്റ് ഹോട്ടലിനുമായി നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2021-22 പദ്ധതി വിഹിതത്തിൽ 95.85% (2.87 കോടി രൂപ) ചെലവായിട്ടുണ്ട്. ടി ശീർഷകത്തിൽ ധർമ്മടം, പാലാ എന്നിവിടങ്ങളിലെ എസ്.ഐ.എച്ച്. എം. പദ്ധതികൾക്കായുള്ള വർക്ക് ബില്ലുകൾ പാസ്സാക്കുന്നതിനായി 4.51 കോടി രൂപ പുനർവിന്യാസം വഴി അധികമായി ഉപയോഗിക്കുവാനായി ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-800-34

സർക്കാരിന്റെ ടൂറിസം നയമായ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലൂടെ ടൂറിസം മേഖലയുടെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ നടപ്പുവർഷത്തെ പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2021-22 പദ്ധതി വിഹിതത്തിൽ 63.51% (3.81 കോടി രൂപ) ചെലവായിട്ടുണ്ട്. സാമ്പത്തിക വർഷം ഒന്നാം പാദത്തിൽ തന്നെ വീശിയടിച്ച കോവിഡ്-19 രണ്ടാം തരംഗവും, നാലാം പാദത്തിലെ മൂന്നാം തരംഗവും സൃഷ്ടിച്ച നിയന്ത്രണങ്ങളുടെ

ഫലമായി സഞ്ചാരികളുടെ വരവിൽ കുറവുണ്ടായത്, ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഗതിവേഗത്തെ ബാധിച്ചു. അധിക ശിപാർശയിന്മേലുള്ള തുക ഉപയോഗിക്കുവാനുള്ള സാഹചര്യം കോവിഡ് മൂലമുള്ള നിയന്ത്രണങ്ങൾക്കിടെ സംജാതമായില്ല.

<u>ശിപാർശ</u>

3452-80-800-20

വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്ന നൂതന സംരംഭമായ ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങളുടെ സമ്മാന തുക, മത്സരങ്ങളുടെ സംപ്രേഷണം, സ്പോൺസർഷിപ്പുകൾ, പശ്ചാത്തലം ഒരുക്കൽ എന്നിവയ്ക്കായി വരും വർഷങ്ങളിൽ വൻചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2021-22 പദ്ധതിവിഹിതം ചെലവഴിക്കപ്പെട്ടില്ല. സാമ്പത്തിക വർഷം ഒന്നാം പാദത്തിൽ തന്നെ വീശിയടിച്ച കോവിഡ്-19 രണ്ടാം തരംഗവും, നാലാം പാദത്തിലെ മൂന്നാം തരംഗവും സൃഷ്ടിച്ച നിയന്ത്രണങ്ങളുടെ ഫലമായി, വൻ ജനക്കൂട്ടം ഒഴിവാക്കുന്നതിനായി ചാമ്പ്യൻസ് ബോട്ട് ലീഗ് 2021-22 റദ്ദാക്കി.

<u>ശിപാർശ</u>

5452-01-101-99-34-3

സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച മൂന്നാർ റെയിൽ, മലബാർ ലിറ്ററി സർക്യൂട്ട്, ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 113 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2021-22 പദ്ധതിവിഹിതത്തിൽ 82.63% (96.68 കോടി രൂപ) ചെലവായിട്ടുണ്ട്. ടി ശീർഷകത്തിൽ ഭൂരിഭാഗം വരുന്ന ചെലവും മുൻവർഷങ്ങളിലെ ഭരണാനുമതികളിന്മേലുള്ള പ്രവൃത്തികളുടെ ബില്ലുകൾക്കുള്ള തുകയാണ്. അധിക ശിപാർശയിന്മേലുള്ള തുക ഉപയോഗിക്കുവാനുള്ള സാഹചര്യം കോവിഡ് മൂലമുള്ള നിയന്ത്രണങ്ങൾക്കിടെ സംജാതമായില്ല.

<u>ശിപാർശ</u>

5452-01-101-86

ടൂറിസം വകുപ്പ് സംസ്ഥാനത്തുടനീളവും പുറത്തുള്ള പ്രധാന പട്ടണങ്ങളിലും അതിഥി മന്ദിരങ്ങൾ, യാത്രിനിവാസുകൾ എന്നിവ നിർമ്മിക്കുകയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്തു വരുന്നു. നിലവിൽ വിവിധ ഇടങ്ങളിൽ അതിഥി മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് അവയുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2021-22 പദ്ധതിവിഹിതത്തിൽ 80.52% (20.13 കോടി രൂപ) ചെലവായിട്ടുണ്ട്. ടി ശീർഷകത്തിൽ ഭൂരിഭാഗം വരുന്ന ചെലവും മുൻവർഷങ്ങളിലെ ഭരണാനുമതികളിന്മേലുള്ള പ്രവൃത്തികളുടെ ബില്ലുകൾക്കുള്ള തുകയാണ്. അധിക ശിപാർശയിന്മേലുള്ള തുക ഉപയോഗിക്കുവാനുള്ള സാഹചര്യം കോവിഡ് മൂലമുള്ള നിയന്ത്രണങ്ങൾക്കിടെ സംജാതമായില്ല.

<u>ശിപാർശ</u>

5452-01-800-84

ആലപ്പുഴ, തലശ്ശേരി, മുസിരീസ്, ട്രാവൻകൂർ എന്നീ പൈതൃക പദ്ധതികൾക്കായി നടപ്പുവർഷം വകയരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ 68 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 2021-22 പദ്ധതിവിഹിതത്തിൽ 99.45% (24.86 കോടി രൂപ) ചെലവായിട്ടുണ്ട്. ടി ശീർഷകത്തിൽ ഭൂരിഭാഗം വരുന്ന ചെലവും മുൻവർഷങ്ങളിലെ ഭരണാനുമതികളിന്മേലുള്ള പ്രവൃത്തികളുടെ ബില്ലുകൾക്കുള്ള തുകയാണ്. അധിക ശിപാർശയിന്മേലുള്ള തുക ഉപയോഗിക്കുവാനുള്ള സാഹചര്യം കോവിഡ് മൂലമുള്ള നിയന്ത്രണങ്ങൾക്കിടെ സംജാതമായില്ല.

<u>ശിപാർശ</u>

3452-01-103-99-21-2

ടൂറിസം വകുപ്പിനു കീഴിലുള്ള വാഹനങ്ങളാണ് ബഹു. മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി, വി.വി.ഐ.പി എന്നിവർക്ക് നൽകുന്നത്. പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, ഇൻഷ്വറൻസ് പുതുക്കുന്നതിനുമാണ് ഈ ശീർഷകത്തിലെ തുക ഉപയോഗിക്കുന്നത്. എന്നാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

അധിക ധനവിനിയോഗത്തിനായി 28-1-2022 തീയതിയിൽ 37,74,000 രൂപയും, ധനപുനർവിനിയോഗം വഴി അധിക തുക ലഭ്യമാക്കുന്നതിനായി 15-3-2022 തീയതിയിൽ 15,00,000 രൂപയും ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും ആയത് അനുവദിച്ച് ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

3452-80-001-99-02

ടൂറിസം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പാർട്ട്-ടൈം, കണ്ടിജന്റ്, ദിവസജോലിക്കാർക്കുള്ള വേതനം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതം കഴിഞ്ഞ വർഷത്തെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

സ്പാർക്ക് മുഖേന വേതനം മാറുന്നതിനും വേതനത്തിന് അപ്രോപ്രിയേഷൻ കൺട്രോൾ ഇല്ലാത്തതിനാലും അധിക തുക ആവശ്യമായി വരുന്നില്ല.

ശിപാർശ

3452-80-001-99-04-1

ടൂറിസം ഡയറക്ടറുടെ ഓഫീസിലെ ഉദ്യോഗസ്ഥൻമാരുടെ ഔദ്യോഗിക യാത്രകൾക്ക് യാത്രാപ്പടി നൽകുന്നതിനുള്ള കഴിഞ്ഞ വർഷത്തെ ചെലവ് 4.09 ലക്ഷം രൂപയാണ്. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം യാത്രാപ്പടി അനുവദിക്കുന്നതിന് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ തുക അധികമായി വേണ്ടിവന്നിട്ടില്ല.

ശിപാർശ

3452-80-001-99-06

ടൂറിസം ഡയറക്ടറുടെ ഓഫീസിലെയും സെൻട്രൽ സ്റ്റോറിലെയും കെട്ടിടനികുതി കുടിശ്ശിക ഉൾപ്പെടെ 5,61,823 രൂപ നൽകുവാനുണ്ട്. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 5.29 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

13-8-2021 തീയതിയിലെ GO(Rt) No.5488/2021/Fin ഉത്തരവ് പ്രകാരം 5,58,000 രൂപ അധിക ധനവിഹിതമായി ലഭ്യമായിട്ടുണ്ട്.

ശിപാർശ

3452-80-001-96-05-03

ജില്ലാ ആഫീസുകളിലെ ടെലിഫോൺ ചാർജ്ജിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

23.03.2022 തീയതിയിലെ GO(Rt) No.2199/2022/Fin ഉത്തരവ് പ്രകാരം 21,000 രൂപ റീ അപ്രോപ്രിയേഷൻ വഴി ലഭ്യമായിട്ടുണ്ട്.

<u>ശിപാർശ</u>

3452-80-001-96-05-4

ടൂറിസം വകുപ്പിനു കീഴിലുള്ള 14 ജില്ലാ ഓഫീസുകളുടെ ഓഫീസ് ചെലവ് ഇനത്തിൽ നടപ്പു വർഷം വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 50,000 രൂപ കൂടി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

28-2-2022 തീയതിയിൽ 30,000 രൂപയുടെ റീ അപ്രോപ്രിയേഷൻ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ആയത് ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

3452-80-001-96-06

ടൂറിസം വകുപ്പിനു കീഴിലുള്ള ജില്ലാ ഓഫീസുകളുടെ കരം ഒടുക്കുന്നതിനും വാഗമൺ ടൂറിസ്റ്റ് കോംപ്ലക്സിന്റെ കെട്ടിടനികുതി 1,98,963 രൂപ അടയ്ക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2.39 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

GO(Rt) No.2500/2022/Fin തീയതി 27-3-2022 പ്രകാരം 46,000 രൂപ ധനപുനർവിനിയോഗം വഴി ലഭ്യമായിട്ടുണ്ട്.

<u>ശിപാർശ</u>

3452-80-001-95-04(1)

ടൂറിസം ഗസ്റ്റ് ഹൗസുകളിലെയും, യാത്രീ നിവാസികളിലെയും, ലോഡ്ജുകളിലെയും ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള യാത്രാപ്പടി നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 1.85 ലക്ഷം രൂപ കൂടി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ തുക അധികമായി വേണ്ടിവന്നിട്ടില്ല.

<u>ശിപാർശ</u>

3452-80-001-95-05-4

ടൂറിസം ഗസ്റ്റ് ഹൗസുകളുടെ ചെലവുമായി ബന്ധപ്പെട്ട ലോൺട്രി ബിൽ, കേബിൾ ടി.വി വാടക, ക്ലീനിംഗ് തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 25.4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

28-2-2022 തീയതിയിൽ 4,00,000 രൂപയുടെ ധനപുനർവിനിയോഗ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ച് ലഭ്യമായില്ല.

<u>ശിപാർശ</u>

3452-80-001-95

ടൂറിസം ഗസ്റ്റ് ഹൗസുകളുടെ കെട്ടിട നികുതി കുടിശ്ശിക ഉൾപ്പെടെ ഏകദേശം 3 കോടിയോളം രൂപ അടയ്ക്കുവാനുണ്ട്. ആയതിനാൽ 3.38 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

13-8-2021 തീയതിയിലെ GO(Rt) No.5488/2021/Fin നമ്പർ ഉത്തരവ് പ്രകാരം 3,19,48,000 രൂപ അധിക വിഹിതമായി ലഭ്യമായിട്ടുണ്ട്.

<u>ശിപാർശ</u>

3452-80-001-95-34-3

ടൂറിസം ഗസ്റ്റ് ഹൗസുകളിൽ ഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20.2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ തുക അധികമായി വേണ്ടിവന്നിട്ടില്ല.

<u>ശിപാർശ</u>

3452-80-800-22

ബഹു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പികൾ തുടങ്ങിയവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

18-12-2021 തീയതിയിലെ GO(Rt) No.8258/2021/Fin നമ്പർ ഉത്തരവ് പ്രകാരം 50,00,000 രൂപയും 28-12-2021 തീയതിയിലെ GO(Rt) No.8479/2021/Fin നമ്പർ ഉത്തരവ് പ്രകാരം 25,00,000 രൂപയും അധിക വിഹിതമായി ലഭ്യമായിട്ടുണ്ട്.

**എ. കെ. ശശീന്ദ്രൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2022, ജൂലൈ 12.